**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2051** **09-12-2022 - ൽ മറുപടിയ്ക്ക്**

**തിരുവല്ല താലൂക്ക് ആശുപത്രിയിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തിരുവല്ല താലൂക്ക് ആശുപത്രിയിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം ആരംഭിക്കുന്നതിനായി തുക അനുവദിച്ചിട്ടുണ്ടോ; | (എ) | **തിരുവല്ല താലൂക്ക് ആശുപത്രിയിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിന് (District Early Intervention Centre) പുതിയ കെട്ടിടം പണിയുന്നതിനായി 19.06.2015 തീയതിയിലെ 389/2015 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 260ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.** |
| (ബി) | പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നിർവഹണ ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ; | (ബി) | **തദ്ദേശസ്വയംഭരണ എഞ്ചിനിയറിംഗ് വിഭാഗമാണ് നിർവഹണ ഏജൻസി.** |
| (സി) | ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ? | (സി) | പത്തനംതിട്ട ജില്ലയിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (District Early Intervention Centre) തിരുവല്ല താലൂക്ക് ആശുപത്രിയിൽ നിർമ്മിക്കുന്നതിലേക്ക് ആരോഗ്യ വകുപ്പിൽ നിന്നും സ്ഥലം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 2014 ലെ ഡി.എസ്.ആർ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രസ്തുത പ്രവർത്തിക്ക് 260 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിരുന്നു.<br><br>19.01.2019 തീയതിയിൽ പത്തനംതിട്ട ജില്ലാ കളക്ടർ വിളിച്ച ചേർത്ത അവലോകന യോഗത്തിൽ നിലവിലെ എസ്റ്റിമേറ്റ് 2014 ലെ ഡി.എസ്.ആർ പ്രകാരം ആയതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് എടുക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയുമുണ്ടായി. ഇതനുസരിച്ച് 2016 ലെ ഡി.എസ്.ആർ പ്രകാരം 260 ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയുണ്ടായി. എന്നാൽ 2018 എസ്.ഒ.ആർ പ്രകാരമുള്ള എസ്റ്റിമേറ്റാണ് ആവശ്യമെന്നതിനാൽ അപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിനോട് |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ടിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി തുകയൊന്നും കൈമാറിയിട്ടില്ല. |

സെക്ഷൻ ഓഫീസർ